പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2165 **26-10-2026-ൽ മറുപടിയ്ക്ക്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. നജീബ് കാന്തപുരം ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ആകെ എത്ര കെട്ടിടങ്ങൾ/റൂമുകളാണുള്ളത് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

മറുപടി: വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഇവയിൽ വാടകയ്ക്ക് നൽകിയിട്ടുള്ളവയും ഒഴിഞ്ഞുകിടക്കുന്നവയും എത്രയാണെന്ന് അറിയിക്കാമോ;

മറുപടി: വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) തദ്ദേശ സ്ഥാപനങ്ങളുടെ കെട്ടിട വാടക കുടിശ്ശികയായി വലിയൊരു തുക പിരിഞ്ഞു കിട്ടാനുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലെ ആകെ കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ;

മറുപടി: വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) വാടക കൃത്യമായി ഈടാക്കുന്നതിനും വാടക വാർഷികമായി പരിഷ്കരിക്കുന്നതിനും (എൻഹാൻസ്മെന്റ് ഓഫ് റെന്റ്)എന്തൊക്കെ മാനദണ്ഡങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇതിനായി ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

മറുപടി: വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) തദ്ദേശ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തവർ മറ്റു വ്യക്തികൾക്ക് മേൽവാടകയ്ക്ക് (സബ് ലീസ്)നൽകുകയോ, ഉയർന്ന തുകയ്ക്ക് കച്ചവടം മറിച്ച് വിൽക്കുകയോ ചെയ്ത് വൻ സാമ്പത്തിക ലാഭം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ നിലവിലുള്ള നിയമവ്യവസ്ഥകൾ എന്തൊക്കെയാണ്;

മറുപടി: വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) ഇത്തരത്തിലുള്ള അനധികൃത കൈമാറ്റങ്ങളും മേൽവാടക ഈടാക്കലുകളും കണ്ടെത്തുന്നതിനായി തദ്ദേശ സ്ഥാപനങ്ങളിൽ എന്തെങ്കിലും സ്പെഷ്യൽ ഓഡിറ്റോ പരിശോധനയോ നടത്തുന്നുണ്ടോ; കുറ്റക്കാർക്കെതിരെ (കെട്ടിടം കൈമാറിയ യഥാർത്ഥ വാടകക്കാരനെതിരെ) ലൈസൻസ് റദ്ദാക്കൽ, കെട്ടിടം കണ്ടുകെട്ടൽ തുടങ്ങിയ കർശന നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ ഇത്തരത്തിൽ എത്ര കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മറുപടി: വിവരം ശേഖരിച്ചു നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ